പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 4458 | 22.07.2015-ൽ മറുപടിക്ക്.

## പുതിയ പോലീസ് സ്റ്റേഷനുകളും സർക്കിൾ ഓഫീസുകളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പുതിയ പോലീസ് സ്റ്റേഷനുകളും സർക്കിൾ ഓഫീസുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | : (എ) ക്രൈം കേസുകളുടെ വർദ്ധനവ്, ജനസാന്ദ്രത, ഉയർന്ന പ്രാദേശിക വിസ്തീർണ്ണം, വർഗ്ഗീയവും ജാതീയവുമായ സെൻസിറ്റിവിറ്റി, തുടങ്ങിയ കാര്യങ്ങളാണ് പുതിയ പോലീസ് ഓഫീസുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡമായി പരിഗണിയ്ക്കുന്നത്. |
| (ബി) കാസർഗോഡ് ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(സി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | : (ബി)യും (സി)യും) കാസർഗോഡ് ജില്ലയിലെ ചുള്ളിക്കര, കീഴൂർ, പൈവളികെ, പാണത്തൂർ, പെരിയ, തൃക്കരിപ്പൂർ, ഉപ്പള എന്നീ സ്ഥലങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കണമെന്ന നിർദ്ദേശം വകുപ്പുതലത്തിൽ പരിശോധിച്ചു വരികയാണ്. |
| (ഡി) രജിസ്റ്റർ ചെയ്യുന്ന ക്രൈം കേസുകളുടെ വർദ്ധനവും വിശാലവും ജനസാന്ദ്രതയേറിയതും വർഗ്ഗീയവും രാഷ്ട്രീയവുമായി സെൻസിറ്റീവ് ഏരിയയായി കണക്കാക്കപ്പെടുന്നതുമായ തീരദേശ മേഖല ഉൾപ്പെടുന്നതും, കേന്ദ്ര സർവ്വകലാശാലയും ബേക്കൽ ടൂറിസ്റ്റ് കേന്ദ്രവുമടക്കം സ്ഥിതി ചെയ്യുന്നതും പരിഗണിച്ച് ഹോസ്ദുർഗ്ഗ് പോലീസ് സർക്കിൾ വിഭജിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | : (ഡി) ഹോസ്ദുർഗ് പോലീസ് സർക്കിൾ വിഭജിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ